LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറി തൊഴിലാളികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

241 (2796) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ഫാക്ടറികളും തൊഴിലാളികളും ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫാക്ടറി ജീവനക്കാർ ജോലിക്കിടെ മരണപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്രപേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഫാക്ടറികൾ - 21,768

തൊഴിലാളികൾ - 6,46,923

അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) 86 പേർ. നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

242 (2797) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശിപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി വരുത്തി 29-8-2014-ന് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ്, സർവ്വീസ് സർട്ടിഫിക്കറ്റ്, ഹോസ്റ്റൽ സൗകര്യം കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുക എന്നീ കാര്യങ്ങളിൽ നിയമഭേദഗതി വരുത്തിയിട്ടുണ്ട്.